## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.24 — 26.09.2016 ൽ മറുപടിയ്ക്ക്

### ആന്ധ്രയിൽ നിന്ന് നേരിട്ട് അരി സംഭരിക്കാൻ നടപടി

**ചോദ്യം**

ശ്രീ. കെ. ദാസൻ
ശ്രീ. കെ.വി.അബ്ദുൾ ഖാദർ
ശ്രീ. കെ.ഡി. പ്രസേനൻ
ശ്രീ. ഐ.ബി. സതീഷ്

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

**ചോദ്യം (എ)** ഇടനിലക്കാരില്ലാതെ കുറഞ്ഞ നിരക്കിൽ അരി കൊണ്ടുവരുന്നതു മായി ബന്ധപ്പെട്ട് ആന്ധ്രാ സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

**ഉത്തരം (എ)** ഇടനിലക്കാരെ ഒഴിവാക്കി സർക്കാർ നേരിട്ട് ആന്ധ്രായിൽ നിന്ന് അരി സംഭരിക്കുന്നതുമായി ബന്ധപ്പെട്ട് ഞാനും, സപ്ലൈകോയുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടറും, ഫുഡ് സെക്രട്ടറിയും അടങ്ങിയ സംഘം ആന്ധ്രയിൽ എത്തുകയും, അവിടുത്തെ സർക്കാർ തലത്തിലുള്ള ഉന്നത ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ അരിമില്ലുകാരുമായി ചർച്ച നടത്തുകയും ചെയ്തു.

**ചോദ്യം (ബി)** എങ്കിൽ പ്രസ്തുത ചർച്ചയിലെ പ്രധാനപ്പെട്ട കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**ഉത്തരം (ബി)** പ്രസ്തുത ചർച്ചയിൽ അരിമില്ലുകാരുമായി നേരിട്ട് സംസാരിച്ചതിൽ സപ്ലയേഴ്സിനോട് ഇടനിലക്കാരില്ലാതെ ഇ-ടെണ്ടറിൽ പങ്കെടുക്കുവാൻ അഭ്യർത്ഥിച്ചു. അവർക്ക് ആവശ്യമായ സഹായ സഹകരണം നൽകുന്നതിനായി പ്രത്യേക ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുന്നതിനും, വിലനിലവാരം ഇ-ടെണ്ടർ നിരക്കിനേക്കാൾ കുറവുള്ള സാഹചര്യത്തിൽ ഉൽപ്പാദകരിൽ നിന്നും അരി നേരിട്ട് വാങ്ങിക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ചോദ്യം (സി)** സംസ്ഥാനത്ത് ഇടനിലക്കാർ പൂഴ്ത്തിവയ്പ്പ് നടത്തി അരിവില വർദ്ധിപ്പിക്കുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ, ആന്ധ്രയിലെ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നോ അവിടുത്തെ മൊത്ത വ്യാപാരികളിൽ നിന്നോ നേരിട്ട് അരി സംഭരിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം (സി)** സംസ്ഥാനത്ത് അരിവില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ ആന്ധ്രയിലെ മൊത്ത വ്യാപാരികളിൽ നിന്നും അരി നേരിട്ട് സംഭരിക്കാനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ